# സ്വാതന്ത്ര്യാനന്തര ഇന്ത്യ

**Que 1: നാട്ടുരാജ്യങ്ങളെ ഇന്ത്യന് യൂണിയനില് ലയിപ്പിക്കുന്നതിനായി ലയന കരാര് തയാറാക്കിയവര്  ആരെല്ലാം?** ***Marks :(2)***

**Ans:** സർദാർ വല്ലഭ്ഭായ് പട്ടേൽ, വി. പി. മേനോന്

**Que 2: ഇന്ത്യക്കകത്തും പുറത്തും ഇന്ത്യന് കലകളുടെ പ്രചാരണത്തിനായി പ്രവര്ത്തിക്കുന്ന സ്ഥാപനമാണ് ലളിതകലാ അക്കാദമി. സാംസ്കാരിക രംഗത്ത് പ്രവര്ത്തിക്കുന്ന മറ്റ് ഏതെങ്കിലും രണ്ട് സ്ഥാപനങ്ങളും അവയുടെ പ്രവര്ത്തനങ്ങളും വിശദീകരിക്കുക.** ***Marks :(4)***

**Ans:**

- സംഗീത നാടക അക്കാദമി - സംഗീതം, നാടകം എന്നിവയുടെ പ്രോത്സാഹനം
- സാഹിത്യ അക്കാദമി - ഇന്ത്യൻ ഭാഷാ സാഹിത്യത്തിന്റെ ഉന്നമനം
- നാഷണൽ സ്കൂൾ ഓഫ് ഡ്രാമ – നാടക മേളകൾ സംഘടിപ്പിക്കല്
- നാഷണൽ ബുക്ക് ട്രസ്റ്റ് ഓഫ് ഇന്ത്യ - വായന വളർത്തുക, ഇന്ത്യൻ പുസ്തകങ്ങൾ പ്രോത്സാഹിപ്പിക്കുക

**Que 3: ഇന്ത്യൻ വിദ്യാഭ്യാസത്തെക്കുറിച്ച് പഠിക്കാൻ നിയമിക്കപ്പെട്ട വിവിധ കമ്മീഷനുകളുമായി ബന്ധപ്പെട്ട പട്ടിക പൂർത്തിയാക്കുക.** ***Marks :(3)***

| | | |
|---|---|---|
| **ഡോ. രാധാകൃഷ്ണൻ കമ്മീഷന്** | **a** | **B** |
| **c** | **d** | **വിദ്യാഭ്യാസത്തിന്റെ ദേശീയ മാതൃകയെപ്പറ്റിയുള്ള നിർദേശം** |
| **e** | **1952** | **F** |

**Ans:**

- a 1948
- b സർവകലാശാല വിദ്യാഭ്യാസം
- c ഡോ. ഡി. എസ്. കോത്താരി കമ്മീഷന്
- d 1964
- e ഡോ. ലക്ഷ്മണസ്വാമി മുതലിയാർ കമ്മീഷന്

- f സെക്കൻഡറി വിദ്യാഭ്യാസം

**Que 4: പഞ്ചശീലതത്ത്വങ്ങളില് ഒപ്പിട്ട ചൈനീസ് പ്രധാനമന്ത്രി ആര്?** ***Marks :(1)***

**Ans:** ചൗ എന് ലായ്

**Que 5: പഞ്ചശീലതത്ത്വങ്ങള് എന്താണ്? അതിന്റെ പ്രാധാന്യം എന്ത്?** ***Marks :(4)***

**Ans:**

- 1954-ൽ ചൈനയും ഇന്ത്യയും ഒപ്പിട്ട കരാർ. ചൗ എൻ ലായ്, ജവഹർലാൽ നെഹ്റു
- ഇന്ത്യൻ വിദേശനയത്തിന്റെ അടിസ്ഥാനം.

**Que 6: ഇന്ത്യയുടെ വിദേശനയത്തിന്റെ പ്രധാന തത്ത്വങ്ങളില് ഒന്നാണല്ലോ ചേരിചേരായ്മ. മറ്റ് ഏതെങ്കിലും 4 എണ്ണം എഴുതുക.** ***Marks :(4)***

**Ans:**

- സാമ്രാജ്യത്വത്തോടും, കൊളോണിയൽ വ്യവസ്ഥയോടുമുള്ള എതിർപ്പ്
- വംശീയവാദത്തോടുള്ള വിദ്വേഷം
- ഐക്യരാഷ്ട്രസഭയിലുള്ള വിശ്വാസം
- സമാധാനപരമായ സഹവർത്തിത്വം
- പഞ്ചശീല തത്ത്വങ്ങള്
- വിദേശ സഹായത്തിന്റെ ആവശ്യകതയിലുള്ള ഊന്നല്

**Que 7: ഇന്ത്യയില് സാംസ്കാരികരംഗത്തെ മുന്നേറ്റം ലക്ഷ്യമാക്കി പ്രവര്ത്തിക്കുന്ന രണ്ട് സ്ഥാപനങ്ങളുടെ പേര് എഴുതുക.** ***Marks :(2)***

**Ans:**

- സംഗീത നാടക അക്കാദമി
- ലളിത കലാ അക്കാദമി
- സാഹിത്യ അക്കാദമി
- നാഷണൽ സ്കൂൾ ഓഫ് ഡ്രാമ
- നാഷണൽ ബുക്ക് ട്രസ്റ്റ് ഓഫ് ഇന്ത്യ

**Que 8: 1986-ലെ ദേശീയ വിദ്യാഭ്യാസ നയം ഇന്ത്യയിലെ വിദ്യാഭ്യാസരംഗത്ത് കാതലായ മാറ്റങ്ങള് നിര്ദ്ദേശിച്ചു. ഈ പ്രസ്താവന സാധൂകരിക്കുക.**
***Marks :(4)***

**Ans:**

- പ്രാഥമിക വിദ്യാഭ്യാസത്തിനും തുടർ വിദ്യാഭ്യാസത്തിനും പ്രാധാന്യം നൽകണം
- പ്രൈമറിതലത്തിൽ വിദ്യാഭ്യാസം സാർവത്രികമാക്കാനും സ്കൂളുകളിലെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്താനും ഓപ്പറേഷൻ ബ്ലാക് ബോർഡ് പദ്ധതി നടപ്പിലാക്കണം
- ഓരോ ജില്ലയിലും നവോദയ വിദ്യാലയങ്ങള് സ്ഥാപിക്കണം
- പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിന് പ്രോത്സഹാനം നൽകണം

**Que 9: ഡോ. ഡി.എസ്. കോത്താരി കമ്മീഷന്റെ രണ്ട് ശുപാര്ശകള് എഴുതുക.** ***Marks :(2)***

**Ans:**

- 10 + 2 + 3 മാതൃകയിൽ വിദ്യാഭ്യാസം നടപ്പിലാക്കുക
- സെക്കൻഡറി തലത്തിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസം
- ധാർമിക വിദ്യാഭ്യാസത്തിന് ഊന്നൽ നൽകുക

**Que 10: ഇന്ത്യന് വിദ്യാഭ്യാസത്തെക്കുറിച്ച് പഠിക്കാനും ശുപാര്ശകള് സമര്പ്പിക്കാനുമായി ഗവണ്മെന്റ് നിയമിച്ച കമ്മിഷനുകളില് ഒന്നാണ് ഡോ. രാധാകൃഷ്ണന് കമ്മീഷന്. മറ്റ് രണ്ട് കമ്മീഷനുകളുടെ പേരെഴുതുക.** ***Marks :(2)***

**Ans:**

- ഡോ. ഡി.എസ്.കോത്താരി കമ്മീഷന്
- ഡോ. ലക്ഷ്മണ സ്വാമി മുതലിയാർ കമ്മീഷന്

**Que 11: ആധുനിക ശാസ്ത്രത്തിന്റെ ആരാധകനായിരുന്ന നെഹ്റുവിന്റെ നേതൃത്വത്തില് ശാസ്ത്ര-സാങ്കേതിക രംഗങ്ങളില് ഇന്ത്യ അഭൂതപൂര്വമായ നേട്ടങ്ങള് കൈവരിച്ചു. ഈ പ്രസ്താവന സാധൂകരിക്കുക.** ***Marks :(6)***

**Ans:**

- ശാസ്ത്രഗവേഷണ സ്ഥാപനങ്ങള്
- ഐ.ഐ.ടി കള്
- ബഹിരാകാശ ഗവേഷണം

**Que 12: ബഹിരാകാശഗവേഷണ രംഗത്തെ ഇന്ത്യയുടെ നേട്ടങ്ങള് വിശദമാക്കുക.** ***Marks :(4)***

**Ans:**

- ഉപഗ്രഹ വിക്ഷേപണം

- മിസൈലുകള്
- ചന്ദ്രയാന്
- മംഗള്യാന്

**Que 13: ഉപഗ്രഹങ്ങള് വികസിപ്പിച്ചെടുക്കുന്ന ഇന്ത്യയിലെ രണ്ട് ഏജന്സികളുടെ പേരെഴുതുക.** ***Marks :(2)***

**Ans:**

- നാഷണൽ റിമോർട്ട് സെൻസിങ് ഏജൻസി
- ഫിസിക്കൽ റിസർച്ച് ലബോറട്ടറി

**Que 14: ഇന്ത്യയുടെ ആദ്യത്തെ റോക്കറ്റ് വിക്ഷേപണകേന്ദ്രം ആരംഭിച്ചതെവിടെ?** ***Marks :(1)***

**Ans:** തുമ്പ

**Que 15: ഇന്ത്യന് ബഹിരാകാശ ഗവേഷണ സംഘടന [ISRO] നിലവില് വന്ന വര്ഷം ഏത്?** ***Marks :(1)***

**Ans:** 1969

**Que 16: ശാസ്ത്രരംഗത്ത് ഹോമി ജഹാംഗിര് ഭാഭയുടെ പങ്ക് വ്യക്തമാക്കുക.** ***Marks :(3)***

**Ans:**

- ശാസ്ത്ര വ്യവസായ ഗവേഷണ സമിതിയുടെ പദ്ധതികൾക്ക് നേതൃത്വം നൽകി
- ടാറ്റ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫണ്ടമെന്റൽ റിസർച്ച്
- ഇന്ത്യയുടെ ആണവോർജ്ജ കമ്മീഷൻ ചെയർമാന്.

**Que 17: സ്വതന്ത്ര ഇന്ത്യ സാമ്പത്തികരംഗത്ത് കൈവരിച്ച നേട്ടങ്ങള് വിവരിക്കുക** ***Marks :(6)***

**Ans:** മിശ്രസമ്പദ് വ്യവസ്ഥ

ആസൂത്രണ കമ്മീഷന്

പഞ്ചവത്സര പദ്ധതികള്

വിദേശപങ്കാളിത്തം കാർഷിക മേഖലയുടെ വളർച്ച, ഇരുമ്പുരുക്ക് വ്യവസായ ശാലകള്

വിവിധോദ്ദേശ്യ പദ്ധതികള്

ദേശീയതലത്തിൽ അൻപത്തിയഞ്ച് പദ്ധതികൾക്ക് തുടക്കം കുറിച്ചത്.

**Que 18: 1990-കളിൽ ഇന്ത്യൻ സമ്പദ് വ്യവസ്ഥയിൽ ഉണ്ടായ പ്രകടമായ മാറ്റം എന്താണ്?** ***Marks :(1)***

**Ans:** പൊതുമേഖലയ്ക്കു പകരം സ്വകാര്യമേഖലയ്ക്ക് പ്രാധാന്യം

**Que 19: ഇന്ത്യയുടെ സാമ്പത്തിക ആധുനികവത്കരണത്തിൽ വൻകിട അണക്കെട്ടുകൾ വഹിച്ച പങ്ക് എന്ത് ?** ***Marks :(2)***

**Ans:**

- വൻകിട അണക്കെട്ടുകൾ - കൃഷിക്ക് ജലം, വ്യവസായത്തിന് വൈദ്യുതോർജം
- കാർഷിക – വ്യാവസായിക രംഗങ്ങൾ വികസിച്ചു

**Que 20: സ്വാതന്ത്ര്യാനന്തരം സാമ്പത്തിക പുരോഗതിക്കായി വിദേശരാജ്യങ്ങളുടെ സഹായം ഇന്ത്യയ്ക്ക് ലഭിച്ചിട്ടുണ്ട്.**

**ഇരുമ്പുരുക്ക് വ്യവസായശാലകളുടെ നിർമാണവുമായി ബന്ധപ്പെടുത്തി ഉദാഹരണ സഹിതം ഈ പ്രസ്താവന സാധൂകരിക്കുക.** ***Marks :(4)***

**Ans:**

- ഭിലായി - സോവിയറ്റ് യൂണിയന്
- ബൊക്കാറോ - സോവിയറ്റ് യൂണിയന്
- റൂർക്കേല - ജർമ്മനി
- ദുർഗാപൂർ - ബ്രിട്ടണ്

പ്രസ്തുത ഉദാഹരണങ്ങളിലൂടെ വിശദീകരിക്കുന്നതിന്

**Que 21: 1947-ല് സ്വാതന്ത്ര്യം നേടിയിട്ടും ഇന്ത്യയില് ചില പ്രദേശങ്ങളില് വൈദേശിക ആധിപത്യം നിലനിന്നിരുന്നു. പിന്നീട് അവ ഇന്ത്യന് യൂണിയന്റെ ഭാഗമായി. ഈ പ്രസ്താവന സാധൂകരിക്കുക.**
***Marks :(5)***

**Ans:**

- പോണ്ടിച്ചേരി, കാരക്കൽ, മാഹി, യാനം എന്നീ പ്രദേശങ്ങൾ ഫ്രാൻസിന്റെ നിയന്ത്രണത്തില്
- ഗോവ, ദാമൻ, ദിയൂ എന്നീ പ്രദേശങ്ങൾ പോർട്ടുഗീസ് നിയന്ത്രണത്തില്.
- ജനകീയ പ്രക്ഷോഭങ്ങള്.
- 1954 ഫ്രാൻസിന്റെ അധിനിവേശ പ്രദേശങ്ങൾ ഇന്ത്യയോട് ചേർത്തു.
- 1961-ൽ പോർട്ടുഗീസ് അധിനിവേശ പ്രദേശങ്ങൾ സൈനിക നടപടിയിലൂടെ ഇന്ത്യയിൽ ചേർത്തു

**Que 22: നാട്ടുരാജ്യങ്ങളുടെ സംയോജനത്തിനായി തയ്യാറാക്കിയ ലയനകരാറിന്റെ പ്രധാന നിർദ്ദേശം ഏന്തായിരുന്നു?** ***Marks :(2)***

**Ans:** പ്രതിരോധം, വിദേശകാര്യം, വാര്‍ത്താവിനിമയം എന്നിവയുടെ നിയന്ത്രണം നാട്ടുരാജ്യങ്ങള് കേന്ദ്രസര്ക്കാരിന് കൈമാറുക.

**Que 23: നാട്ടുരാജ്യങ്ങളെ ഇന്ത്യൻ യൂണിയനിൽ ലയിപ്പിക്കുന്നതിന് നേതൃത്വം വഹിച്ച മലയാളി ആര് ?** ***Marks :(1)***

**Ans:** വി. പി. മേനോന്

**Que 24: സ്വതന്ത്ര ഇന്ത്യയില് ഭാഷയെ അടിസ്ഥാനമാക്കി സംസ്ഥാന രൂപീകരണത്തിലേക്ക് നയിച്ച സാഹചര്യം വിവരിക്കുക.** ***Marks :(4)***

**Ans:**

- ഒരു നാട്ടുരാജ്യത്ത് വ്യത്യസ്ത ഭാഷ സംസാരിക്കുന്നവര്.
- 1920 നാഗപൂർ കോൺഗ്രസ് തീരുമാനപ്രകാരം ഭാഷയുടെ അടിസ്ഥാനത്തിൽ സംസ്ഥാന കോൺഗ്രസ് കമ്മിറ്റികള്
- ഭാഷാ സംസ്ഥാനങ്ങൾക്കായി ജനകീയ പ്രക്ഷോഭങ്ങള്
- പോട്ടി ശ്രീരാമലൂവിന്റെ സത്യഗ്രഹം - മരണം
- സംസ്ഥാന പുനസംഘടനാ കമ്മീഷന്
- 1956 ഇന്ത്യൻ സംസ്ഥാന പുനസംഘടനാ നിയമം

**Que 25: ഇന്ത്യന് ഭരണഘടനാ ഡ്രാഫ്റ്റിങ് കമ്മിറ്റിയുടെ ചെയര്മാന് ആരായിരുന്നു?** ***Marks :(1)***

**Ans:** ഡോ. ബി. ആര്. അംബേദ്കര്

**Que 26: സ്വതന്ത്ര ഇന്ത്യയിലെ പ്രസിദ്ധരായ ചില വ്യക്തികളുടെ പേരുകൾ ചുവടെ നൽകുന്നു. ഇവർ വഹിച്ച പദവികൾ ബ്രാക്കറ്റിൽ നിന്ന് കണ്ടെത്തി എഴുതുക.**

- **ഡോ. രാജേന്ദ്രപ്രസാദ്**
- **ഫസൽ അലി**
- **ഡോ. ബി. ആർ. അംബേദ്കര്**
- **ജവഹർലാൽ നെഹ്റു**

**(സംസ്ഥാന പുനസംഘടനാ കമ്മീഷൻ അധ്യക്ഷൻ, ഭരണഘടനാ നിർമാണ സഭയുടെ അധ്യക്ഷന്,**

**ആസൂത്രണ കമ്മീഷന്റെ അധ്യക്ഷൻ, ഭരണഘടനാ ഡ്രാഫ്റ്റിംഗ് കമ്മിറ്റി ചെയർമാന്)** ***Marks :(4)***

**Ans:**

- ഡോ. രാജേന്ദ്രപ്രസാദ് - ഭരണഘടനാ നിർമാണ സഭയുടെ അധ്യക്ഷന്
- ഫസൽ അലി - സംസ്ഥാന പുനസംഘടനാ കമ്മീഷൻ അധ്യക്ഷന്

- ഡോ. ബി. ആർ. അംബേദ്കർ - ഭരണഘടനാ ഡ്രാഫ്റ്റിംഗ് കമ്മിറ്റി ചെയർമാന്
- ജവഹർലാൽ നെഹ്റു - ആസൂത്രണ കമ്മീഷന്റെ അധ്യക്ഷന്

**Que 27: സംസ്ഥാന പുനസംഘടനയുമായി ബന്ധപ്പെട്ട പ്രസ്താവനകളാണ് ചുവടെ നൽകുന്നത്. തെറ്റായ പ്രസ്താവന കണ്ടെത്തുക.** ***Marks :(1)***

**- ഭാഷയുടെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങളെ പുനസംഘടിപ്പിച്ചു.**

**- 1956-ൽ ഇന്ത്യൻ സംസ്ഥാന പുനസംഘടനാ നിയമം പാസാക്കി.**

**- കെ.എം. പണിക്കരായിരുന്നു സംസ്ഥാന പുനസംഘടനാ കമ്മീഷന്റെ അധ്യക്ഷന്.**

**- 1920-ലെ നാഗ്പൂർ കോൺഗ്രസ് സമ്മേളനം ഭാഷാടിസ്ഥാനത്തിൽ സംസ്ഥാന കോൺഗ്രസ് കമ്മിറ്റികൾ രൂപീകരിക്കാൻ തീരുമാനിച്ചു.**

**Ans:** കെ.എം. പണിക്കരായിരുന്നു സംസ്ഥാന പുനസംഘടനാ കമ്മീഷന്റെ അധ്യക്ഷന്

**Que 28: ഇന്ത്യയില് ആസൂത്രണ കമ്മീഷന് നിലവില് വന്ന വര്ഷം ഏത്?** ***Marks :(1)***

**Ans:** 1950

**Que 29: സാമ്പത്തിക ആസൂത്രണം എന്ന ആശയം ഇന്ത്യ സ്വീകരിച്ചത് ഏത് രാജ്യത്ത് നിന്നാണ്?** ***Marks :(1)***

**Ans:** സോവിയറ്റ് യൂണിയന്

**Que 30: നാട്ടുരാജ്യങ്ങളുടെ  സംയോജനം എന്ന വെല്ലുവിളി സ്വതന്ത്ര ഇന്ത്യ പരിഹരിച്ചതെങ്ങനെയെന്ന് വിശദീകരിക്കുക.** ***Marks :(4)***

**Ans:**

- ഇന്ത്യയിൽ ബ്രിട്ടീഷ് നിയന്ത്രണത്തിലുള്ള 600 നാട്ടുരാജ്യങ്ങള്
- നാട്ടുരാജ്യങ്ങൾക്ക് ഇന്ത്യയിലോ പാകിസ്ഥാനിലോ ചേരാനോ സ്വതന്ത്രമായി നിൽക്കാനോ ബ്രിട്ടൺ അധികാരം നൽകി
- സർദാർ വല്ലഭ് ഭായ് പട്ടേൽ ചുമതല ഏറ്റെടുത്തു
- വി.പി മേനോനെ സ്റ്റേറ്റ്സ് ഡിപ്പാർട്ട്മെന്റ് സെക്രട്ടറി ആക്കുന്നു
- ലയനകരാർ തയാറാക്കുന്നു
- പ്രതിരോധം, വിദേശകാര്യം, വാർത്താവിനിമയം എന്നിവയുടെ നിയന്ത്രണം കേന്ദ്ര ഗവൺമെന്റിന്
- ഹൈദരാബാദ്, ജുനഗഡ്, കാശ്മീർ എന്നീ നാട്ടുരാജ്യങ്ങൾ വിട്ടു നിന്നു
- സൈനിക ഇടപെടലിലൂടെയും, അനുരഞ്ജന ചർച്ചയിലൂടെയും ഇവയെ ഇന്ത്യൻ യൂണിയനിൽ കൂട്ടിച്ചേർത്തു.

**Que 31: ഇന്ത്യയുടെ സ്വാതന്ത്ര്യസമ്പാദനം ഒരേ സമയം സന്തോഷത്തിനും ദുഃഖത്തിനും കാരണമായി. ഈ പ്രസ്താവന സാധൂകരിക്കുക.** ***Marks :(2)***

**Ans:**

- കൊളോണിയൽ ഭരണത്തിൽനിന്നുള്ള മോചനം സന്തോഷം പകർന്നു.
- വിഭജനവും വർഗീയകലാപങ്ങളും അഭയാർഥിപ്രവാഹവും ദുഖം സൃഷ്ടിച്ചു.